# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.874** **09.08.2017 ൽ മറുപടിക്ക്**

## കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾക്ക് ഭരണാനുമതി

**ചോദ്യം**

**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ:**

**മറുപടി**

**മാത്യൂ ടി. തോമസ്**
**(ജലവിഭവ വകുപ്പുമന്ത്രി)**

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ പ്രവൃത്തികളുമായി ബന്ധപ്പെട്ട 143/എം. ഐ 2/2017 ജലവിഭവ വകുപ്പ്, 1231989/ എം.ഐ 2/2017 ജലവിഭവ വകുപ്പ്, 1231956/എം.ഐ 2/2017 ജലവിഭവ വകുപ്പ് എന്നീ ഫയലുകളുടെ വിശദമായ വിവരം ലഭ്യമാക്കുമോ;

(എ) കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ മങ്കേരി പാടശേഖര നെല്ലുല്പാദക സമിതി ചെയർമാൻ ശ്രീ.പരമേശ്വരൻ നായർ മങ്കേരി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടും തടയണ നിർമ്മാണം സംബന്ധിച്ചും ജലവിഭവ വകുപ്പു മന്ത്രിക്ക് നൽകിയ നിവേദനം സംബന്ധിച്ചതാണ് 1231989/എം.ഐ 2/2017/ജവിവ നമ്പർ ഫയൽ.

2017-18 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾ നിർദ്ദേശിച്ചുകൊണ്ട് വേണ്ട നടപടി സ്വീകരിക്കുന്നതിനായി കോട്ടയ്ക്കൽ നിയോജക മണ്ഡലം എം.എൽ.എ ജലവിഭവ വകുപ്പ് സെക്രട്ടറിക്കും ജലവിഭവ വകുപ്പ് മന്ത്രിക്കും സമർപ്പിച്ച കത്തുകൾ സംബന്ധിച്ചതാണ് 143/എം. ഐ2/2017/ജവിവ, 1231956/എം.ഐ2/ 2017/ ജവിവ നമ്പർ ഫയലുകൾ.

പ്രസ്തുത ഫയലുകളിൽ ചീഫ് എഞ്ചിനീയർ (ഐ & എ ) യുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമായിരുന്നില്ല. എന്നാൽ 07.08.2017 ൽ ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) നല്കിയ റിപ്പോർട്ടിലെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിൽ 1994 ൽ പ്രവർത്തനം ആരംഭിച്ച ചെറുകിട ജലസേചന വിഭാഗത്തിന്റെ അധീനതയിലുള്ള മങ്കേരി ലിഫ്റ്റ് ഇറിഗേഷൻ സ്കീമിനെ ആശ്രയിച്ചാണ് മങ്കേരി പാടശേഖരത്തിലെ നെൽ കൃഷി നടന്നു വരുന്നത്. 40 എച്ച്.പി. മോട്ടോർ പ്രവർത്തിപ്പിച്ച് ഭാരതപ്പുഴയിൽ നിന്നും 1940 മീററർ നീളമുള്ള കനാലിലൂടെ വെള്ളം പമ്പ് ചെയ്താണ് നിലവിൽ ഈ സ്കീം പ്രവർത്തിച്ച് കൊണ്ടിരിക്കുന്നത്. പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വേണ്ടി "മിർപ്പ്" പദ്ധതിയിൽ ലഭിച്ച 40 എച്ച്.പി. മോട്ടോർ ഇവിടെ സ്ഥാപിക്കുന്നതിനും ഈ മോട്ടോർ കൂടി പ്രവർത്തിക്കുന്നതിനാവശ്യമായ പൈപ്പുകളുടേയും, കൂടാതെ പമ്പ് ഹൗസിന് ചുററുമതിൽ ഉൾപ്പെടെ 30 ലക്ഷം രൂപയുടെ പ്രവർത്തികൾ ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ ആകെയുള്ള 1940 മീററർ കനാലിൽ ചെയിനേജ് 0. മുതൽ 1100 മീററർ വരെ മേസൻറി കനാൽ നിലവിലുണ്ട്. തുടർന്നുള്ള 840 മീററർ മൺ കനാലിൽ നിന്നും 200 മീററർ കോൺക്രീററ് കനാൽ നിർമ്മിക്കുന്ന പ്രവൃത്തി 70% പൂർത്തീകരിച്ചു. ബാക്കി പ്രവൃത്തി പാടത്ത് വിളവെടുത്ത ഉടൻ പൂർത്തീകരിക്കുന്നതാണ്. ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് മൺ കനാലിന്റെ ചോർച്ച തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കുററിപ്പുറം പഞ്ചായത്തിലെ ആനപ്പടി എന്ന സ്ഥലത്ത് ഒരു സ്ഥിരം തടയണ നിർമ്മാണത്തിനുള്ള വിശദമായ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കിയിരുന്നു. എന്നാൽ മേൽ പദ്ധതിയ്ക്ക് താഴ്ഭാഗത്തായി കുററിപ്പുറം പഞ്ചായത്തിലെ കാങ്കക്കടവിൽ കിഫ്ബി ധന സഹായത്തോടെ ഒരു റഗുലേററർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഈ ആർ.സി.ബി. നിലവിൽ വന്നാൽ, എൽഐ സ്കീമിന് പമ്പ് ചെയ്യാൻ ആവശ്യമുള്ള ജലം ലഭിക്കും. ആയതിനാൽ തടയണയുടെ ആവശ്യം ഇല്ല.

കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ പ്രവർത്തികൾ 2017-18 വർഷത്തെ ബഡ്ജററിൽ ഉൾക്കൊള്ളിക്കേണ്ട സമയ പരിധി കഴിഞ്ഞതിനാൽ പ്രവർത്തികൾ ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല. ആയതിനാൽ 2018-2019 വർഷത്തിലെ പുതിയ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടി നടപടികൾ സ്വീകരിക്കാവുന്നതാണ്.

| | | |
|---|---|---|
| (ബി) | പ്രസ്തുത ഫയലുകളിലെ പ്രവൃത്തികൾക്ക് വിശദമായ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) ഇല്ല |
| (സി) | പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ;വ്യക്തമാക്കുമോ? | (സി) ബാധകമല്ല |

സെക്ഷൻ ഓഫീസർ